## സാമൂഹ്യ നീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: വീണ എൻ. മാധവൻ IAS)

തിരുവനന്തപുരം

ഉത്തരവ് നം. ഇ1 -14896/16 തീയതി: 31.08.2017

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - സൂപ്പർവൈസർമാരുടെ - മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: സർക്കാരിൽ നിന്നുള്ള 19.12.2013ലെ 3282/A1/2012/SJD നമ്പർ കത്ത്.

സാമൂഹ്യ നീതി വകുപ്പിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന സൂപ്പർവൈസർമാരുടെ - മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് 16180-29180 (Pre revised) 30700-65400 (revised) രൂപ സ്കെയിലിലാണ് അനുവദിച്ചിരുന്നത്. എന്നാൽ പരാമർശ പ്രകാരം സിഡിപിഒമാരുടെ ശമ്പളസ്കെയിലായ 35700-75600 രൂപ സ്കെയിലിലാണ് സൂപ്പർവൈസർമാരുടെ മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കേണ്ടത്. ആയതിനാൽ സൂപ്പർവൈസർമാർ 22 വർഷത്തെ സേവനം പൂർത്തിയാക്കിയതിന് മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് 18740-33680 (Pre revised) 35700-75600 (revised) രൂപ സ്കെയിലിലാണ് അനുവദിക്കേണ്ടതെന്നും ടി സ്കെയിലിനു പകരമായി 30700-65400 സ്കെയിലിൽ ഗ്രേഡ് അനുവദിച്ചിട്ടുള്ളത് 35700-75600 രൂപ പുനഃക്രമീകരിച്ച് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചിട്ടുള്ള സൂപ്പർവൈസർമാരുടെ സർവ്വീസ് പുസ്തകത്തിൽ ശമ്പള സ്കെയിലിലെ ഈ മാറ്റം വരുത്തി സിഡിപിഒമാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ സിഡിപിഒമാർക്കും

**പകർപ്പ്:**

1) അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) എല്ലാ ജില്ലാ ഓഫീസർമാർക്കും
3) ഇ4 മുതൽ ഇ13 വരെ
4) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
5) സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

SK/17